ഘടിപ്പിച്ചാൽ മാത്രമേ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

ആലപ്പുഴ ജില്ലയിലെ ജലഗതാഗതം നവീകരിക്കുന്നതിനുള്ള പദ്ധതി

79 (1278) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ജലഗതാഗതം നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് 'നാറ്റ്പാക്കിനെ' ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില സർവ്വീസുകൾ റീ ഷെഡ്യൂൾ ചെയ്യുകയും അതുവഴി ചെലവു കുറയ്ക്കാനും വരുമാനം കൂട്ടാനും സാധിച്ചിട്ടുണ്ട്. കൂടാതെ ചെറിയ ഒരു ഫൈബർ ബോട്ട് പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുകയും ചെയ്യുന്നു.

ആലപ്പുഴ-മാന്നാർ ബോട്ട് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി

80 (1279) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്ത് നിവാസികളുടെ സൗകര്യാർത്ഥം കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇതുവഴി സർവ്വീസ് നടത്തിയിരുന്ന ആലപ്പുഴ-മാന്നാർ ബോട്ട് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബോട്ട് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) പുളിങ്കുന്ന് ബോട്ട് സർവ്വീസ് പുളിങ്കുന്നിൽ നിന്ന് മാതിരംപള്ളി വരെ നീട്ടിക്കൊണ്ട് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യാത്രക്കാർ കുറവായതിനാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ആലപ്പുഴ-മാന്നാർ ബോട്ട് സർവ്വീസ് നിർത്തലാക്കിയിട്ടില്ല. യാത്രക്കാരുടെ ആവശ്യാർത്ഥം സമയ മാറ്റം വരുത്തുക മാത്രമേ ചെയ്തിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly